# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ - T 3045 23.03.2015- ലെ മറുപടിക്ക്

## 2015-16 ലെ കേന്ദ്ര ബജറ്റ് വിലയിരുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. സി.രവീന്ദ്രനാഥ്<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ഡോ.ടി.എം.തോമസ് ഐസക് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന സർക്കാർ ഉന്നയിച്ച പ്രശ്നങ്ങളുടെയും പരിഹാര നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ 2015-16 ലെ കേന്ദ്രബജറ്റിനെ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ: | (എ) വിലയിരുത്തൽ നടത്തിയിട്ടില്ല. |
| (ബി) കേന്ദ്രബജറ്റിലെ സംസ്ഥാനത്തിനുള്ള പദ്ധതി അടങ്കലുകളുടെ ബജറ്റ് എസ്റ്റിമേറ്റുകളെ സംബന്ധിച്ച് വിശദമാക്കാമോ; ഇത് മുൻവർഷത്തതിനേക്കാൾ എത്ര ശതമാനം കൂടുകയോ കുറയുകയോ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ; | (ബി) കേന്ദ്ര ഗവണ്മെന്റിന്റെ പദ്ധതി ചെലവ് 2014-15 (BE) ൽ 575000 കോടി രൂപ ആയിരുന്നത് 2015-16-ൽ 465277 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. സംസ്ഥാനങ്ങളുടെ പദ്ധതിക്കുള്ള കേന്ദ്രസഹായം 2014-15 (BE) ൽ 196743 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. ഇത് കാണിക്കുന്നത് 134021 കോടി രൂപയുടെ കുറവാണ്. ഈ കണക്കുകൾ മുഴുവൻ സംസ്ഥാനങ്ങളെയും സംബന്ധിച്ചാണ്. ഇതിന്റെ ഭാഗമായി കേരളത്തിന് ഉണ്ടാകാൻ |

സാധ്യതയുള്ള കേന്ദ്രസഹായത്തിലെ കുറവ് ഇപ്പോൾ കണക്കാക്കാൻ കഴിയുകയില്ല.

(സി) നിലവിലുള്ള ഏതെല്ലാം പദ്ധതികൾക്ക് തുക കൂടുതൽ വകയിരുത്തപ്പെട്ടിട്ടുണ്ട്;

കൂടുതലായി നീക്കിവച്ചിട്ടില്ലാത്തവ ഏതൊക്കെ; വിശദമാക്കാമോ;

(സി) സംസ്ഥാനങ്ങളുടെ വാർഷിക പദ്ധതികൾക്കുള്ള കേന്ദ്രസഹായം നാല് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഇതിൽ കാറ്റഗറി (എ) യിൽ വരുന്ന സ്കീമുകളിൽ 34 എണ്ണം കേന്ദ്രഗവൺമെന്റ് പൂർണ്ണമായി ഫണ്ട് അനുവദിക്കുന്നതാണ്. ഈ പദ്ധതികൾക്കുള്ള സഹായം 2014-15 (BE) ൽ 118537.70 കോടി രൂപയായിരുന്നത് 2015-16 (BE) ൽ 118512.21 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. കാറ്റഗറി (ബി) യിൽ വരുന്ന 24 സ്കീമുകൾ കേന്ദ്ര ഗവൺമെന്റ് ഭാഗികമായി ഫണ്ട് അനുവദിക്കുന്നതാണ്. ഇവയ്ക്കുള്ള കേന്ദ്ര സഹായം 2014-15 ലെ 138524.25 കോടിയിൽനിന്നും 2015-16 ൽ 103021.65 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. 26 ശതമാനം കുറവാണ് ഇത് രേഖപ്പെടുത്തുന്നത്. കാറ്റഗറി (സി) യിൽ വരുന്ന 8 പദ്ധതികളെ കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭിക്കുന്ന പദ്ധതികളുടെ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ പദ്ധതികൾക്കുള്ള 2014-15 (BE) ലെ സഹായം 5928.99 കോടി രൂപയായിരുന്നു. ഇത് കൂടാതെ കാറ്റഗറി (ഡി) യിൽ ഉൾപ്പെടുന്ന മറ്റ് പദ്ധതികൾക്ക് കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭിക്കുന്നതല്ല. ജെ.എൻ.എൻ.യു.ആർ.എം സാധാരണ

കേന്ദ്രസഹായം,എല്ലാതരത്തിലുമുള്ള പ്രത്യേക കേന്ദ്ര സഹായം എന്നിവ (വിദേശ സഹായ പദ്ധതികൾക്കുള്ള കേന്ദ്ര സഹായം ഒഴികെ) ഈ വിഭാഗത്തിൽപ്പെടും. ഈ വിഭാഗത്തിലുള്ള 2014-15 ലെ വിഹിതം 67773.14 കോടി രൂപയാണ്. കേന്ദ്ര സഹായം അനുവദിക്കുന്ന രീതികൾ സംബന്ധിച്ച് വ്യക്തത കൈവരാത്തതിനാൽ മേൽ പറഞ്ഞ കാര്യങ്ങൾ ഉണ്ടാക്കുന്ന പ്രത്യാഘാതം ഇപ്പോൾ കണക്കാക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന് ലഭിക്കാവുന്ന രാസവളം, ഭക്ഷ്യവസ്തുക്കൾ തുടങ്ങിയവയ്ക്കുള്ള സബ്സിഡികൾ സംബന്ധിച്ച് വിശദമാക്കാമോ;

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ബജറ്റിലൂടെ കേന്ദ്രത്തിൽ നിന്നും വിവിധ ഇനങ്ങളിൽ പ്രതീക്ഷിക്കുന്ന സംസ്ഥാനത്തിന്റെ വരുമാന മാർഗ്ഗങ്ങൾ വിശദമാക്കാമോ; എത്ര ശതമാനം വർദ്ധന പ്രതീക്ഷിക്കുന്നു;

(ഇ) കേന്ദ്രത്തിൽനിന്ന് സംസ്ഥാനങ്ങൾക്ക് വീതിച്ചു നൽകുന്ന ഫണ്ട്, പദ്ധതി സഹായം, ധനകാര്യ കമ്മീഷൻ അവാർഡ് എന്നീ ഗണങ്ങളിൽപ്പെടുന്നതാണ്. പദ്ധതി സഹായം സംബന്ധിച്ച വിശദാംശങ്ങൾ ഇപ്പോൾ കണക്കാക്കാൻ കഴിയാത്ത സാഹചര്യം മുകളിൽ (സി) വിഭാഗം ചോദ്യത്തിനുത്തരമായി നൽകിയിട്ടുണ്ട്. പതിനാലാം ധനകാര്യകമ്മീഷൻ അവാർഡ് സംസ്ഥാനത്തിന് പൊതുവെ ഗുണകരമാണ്. 2014-15 ൽ കേന്ദ്ര നികുതികളിൽ നിന്നുള്ള സംസ്ഥാനത്തിന്റെ വിഹിതം 7926.29 കോടി രൂപയായിരുന്നു. ഇത് 2015-16 ൽ 13121.77 കോടി രൂപയായി ഉയരാൻ

| | | |
|---|---|---|
| | | സാധ്യതയുണ്ട്. ഗ്രാന്റ്-ഇൻ-എയ്ഡ് 2014-15-ലെ തുകയായ 9493.87 കോടി രൂപയിൽ നിന്നും 9946.28 കോടി രൂപയായി വർദ്ധിക്കുന്നതാണ്. ഇത് കാണിക്കുന്നത് കേന്ദ്ര നികുതികൾ. ഡ്യൂട്ടികൾ എന്നിവയുടെ സംസ്ഥാനത്തിനുള്ള വിഹിതത്തിൽ 65 ശതമാനം വർദ്ധനവ് ഉണ്ടാകുമെന്നാണ്. |
| (എഫ്) | യു.പി.എ സർക്കാരും എൻ.ഡി.എ (സർക്കാരും ബജറ്റിൽ സ്വീകരിച്ച സാമ്പത്തിക നയസമീപനങ്ങളിൽ വ്യത്യാസം ഉള്ളതായി കരുതുന്നുണ്ടോ? | (എഫ്) വിലയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.